**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3689 — 25.6.2013 ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹനവകുപ്പിലെ അഴിമതി അവസാനിപ്പിക്കുന്നതിന് നടപടി**

ചോദ്യം — ശ്രീ.ഇ.കെ.വിജയൻ:

ഉത്തരം — ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | മോട്ടോർ വാഹന വകുപ്പിലെ അഴിമതി പൂർണ്ണമായും അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ ? | (ബി) | മോട്ടോർ വാഹന വകുപ്പിലെ അഴിമതി പൂർണ്ണമായും അവസാനിപ്പിക്കുന്നതിന് നിരവധി പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി വരുന്നു. ഏജന്റുമാരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിന് വേണ്ടി വകുപ്പിന്റെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം, എല്ലാ സർവ്വീസും എല്ലാ കൗണ്ടറിലും ലഭ്യമാക്കൽ, വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ്, ഓൺ ലൈൻ ആപ്ലിക്കേഷൻ, ഇ-പേയ്മെന്റ് മുതലായ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി വകുപ്പ് തലത്തിൽ നിർദ്ദേശങ്ങളും സർക്കുലറുകളും കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അടിക്കടി പരിശോധന നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ക്രമക്കേടുകൾ കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ